നിയമങ്ങൾ അറിയുന്ന ജനങ്ങളാണ് ജനാധിപത്യത്തിന്റെ കരുത്ത്

നിയമ സാക്ഷരത തീരെ ഇല്ലാത്ത ഒരു സമൂഹമാണ് നമ്മൾ. പൗരന്മാർ എന്ന നിലയിൽ നമ്മൾക്ക് ഉള്ള അവകാശങ്ങളെ കുറിച്ച് നമ്മൾ ബോധവാന്മാരല്ല. അങ്ങനെ ബോധവാന്മാരായിരുന്നെങ്കിൽ സമൂഹത്തിലെ പ്രശ്നങ്ങൾക്ക് നിയമമാകുന്ന ആയുധമെടുത്ത് പോരാടാനും പരിഹാരം കാണുവാനും നമുക്ക് പറ്റുമായിരുന്നു. അതിന്റെ ഒരു ഉദാഹരണമാണ് ഞാൻ താഴെ വിവരിക്കുന്നത്.

കേരളത്തിലെ പല സ്ഥലങ്ങളിലും ആവശ്യത്തിന് വോൾട്ടേജ് ഇല്ലാത്തതിനാൽ പ്രദേശങ്ങളിലെ ഉപഭോക്താക്കൾ നന്നായി ബുദ്ധിമുട്ടുന്നുണ്ട്. പ്രത്യേകിച്ച് വേനൽ കാലങ്ങളിൽ ഫാനുകളുടെ സ്പീഡ് തീരെ ഇല്ലാതാവുകയും, മറ്റ് ഉപകരണങ്ങൾ പ്രവർത്തിക്കാതിരിക്കുകയും ചെയ്യുമ്പോഴാണ് വോൾട്ടേജ് പ്രശ്നം നമ്മൾ ശ്രദ്ധിക്കുന്നത്. ചില ജില്ലകളിൽ പകൽ സമയങ്ങളിൽ അടക്കം വോൾട്ടേജ് ഇല്ലാതെ വ്യവസായങ്ങൾ പ്രവർത്തിക്കാൻ പറ്റാത്ത അവസ്ഥയും ഉണ്ട്. ഇത്തരം പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ സാധാരണ നമ്മൾ ചെയ്യുന്നത് കെഎസ്ഇബി ഓഫീസിൽ പോയി പരാതിയോ അപേക്ഷയോ നൽകി കാത്തിരിക്കുകയാണ്. ഇങ്ങനെ വർഷങ്ങളായി ഉപഭോക്താക്കൾ കാത്തിരിക്കുന്ന പ്രദേശങ്ങളും കേരളത്തിലുണ്ട്. അടുത്ത വേനലിൽ ഇത്തരം പ്രദേശങ്ങളുടെ എണ്ണം ഇനിയും കൂടാനാണ് സാധ്യത.

നിയമങ്ങൾ അറിയുന്ന ഉപഭോക്താവാണ് നമ്മളെങ്കിൽ ഈ പ്രശ്നത്തെ ഒരു പരിധി വരെ വളരെ എളുപ്പം പരിഹരിക്കാം.

വൈദ്യുതി ഉപഭോക്താക്കളുടെ അവകാശങ്ങൾ

നിങ്ങൾ ഓർഡർ ചെയ്യുന്ന വസ്തുങ്ങൾ കളർ മങ്ങിയനിലയിലാണ് ലഭിക്കുന്നതെങ്കിൽ അത് നിങ്ങൾക്ക് തിരിച്ചയക്കാൻ മാർഗമില്ലാത്ത സ്ഥിതിയിലുമാണെങ്കിൽ, നിങ്ങൾ നിയമപരമായി അതിനെ നേരിടില്ലേ? ഇതുപോലെ കാശ് കൊടുത്തു വാങ്ങുന്ന 240 വോൾട്ട് വൈദ്യുതി 226 വോൾട്ടിൽ കുറയാനോ 254 വോൾട്ടിൽ കൂടാനോ പാടില്ലാത്തതും ഇടക്കിടക്ക് വൈദ്യുതി കട്ടാവാത്തതുമായ ഗുണമേന്മയുള്ള വൈദ്യുതി ഉപഭോക്താവിന്റെ അവകാശമാണ്.

എന്നാൽ ഇതിന് വിരുദ്ധമായി വോൾട്ടേജ് പ്രശ്നമോ ഇടക്കിടക്ക് വൈദ്യുതി കട്ടാവലോ ഉണ്ടായാൽ ബന്ധപ്പെട്ട സെക്ഷൻ ഓഫീസിൽ പരാതി നൽകിയാൽ ഇത് പരിഹരിക്കുന്നതിന് നിലവിലുള്ള വൈദ്യുതി ലൈനിൽ കൂട്ടിച്ചേർക്കലുകൾ ആവശ്യമില്ലാതെ പ്രശ്നം പരിഹരിക്കാവുന്ന പരാതികൾക്ക് പരമാവധി 7 ദിവസം കൊണ്ടും, പുതിയ ലൈനോ ട്രാൻസ്ഫോർമറോ സ്ഥാപിച്ച് പ്രശ്നം പരിഹരിക്കേണ്ട പരാതികൾക്ക് പരമാവധി 120 ദിവസം കൊണ്ടും കെഎസ്ഇബി പരിഹാരം കാണണം.

കാണാത്തപക്ഷം ഉപഭോക്താവിന്റെ സെക്ഷൻ ഓഫീസ് ചുമതലയുള്ള എക്സിക്യൂട്ടീവ് എൻജിനീയർ റാങ്കിൽ കുടാത്ത ഉദ്യോഗസ്ഥന് ഈ റഗുലേഷനിലെ 'ഫോം-എ' മാതൃകയിൽ നഷ്ടപരിഹാരത്തിന് ആവശ്യപ്പെടാവുന്നതാണ്. ഈ പരാതി പരിശോധിച്ച് ഒരു ദിവസത്തിന് 25 രൂപ വെച്ച് നഷ്ടപരിഹാരം പരാതി നൽകിയ മുഴുവൻ ഉപഭോക്താക്കൾക്കും, പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ വീഴ്ച കാണിക്കുന്ന ഉദ്യോഗസ്ഥന്റെ ശമ്പളത്തിൽ നിന്നും, ഉദ്യോഗസ്ഥൻ വിരമിച്ചിട്ടുണ്ടെങ്കിൽ അദ്ദേഹത്തിൻറെ പെൻഷനിൽ നിന്നും ഈടാക്കി, കെഎസ്ഇബി നൽകേണ്ടിവരും. ഈ പണം കെഎസ്ഇബിയുടെ സ്വന്തം ഫണ്ടിൽനിന്ന് നൽകാൻ നിയമം ഉദ്യോഗസ്ഥനാണ് അനുവദിക്കുന്നില്ല.

ഈ നിയമം (KERALA STATE ELECTRICITY REGULATORY COMMISSION (STANDARDS OF PERFORMANCE OF DISTRIBUTION LICENSEES) REGULATIONS, 2015) 2016 മുതൽ തന്നെ നിലവിലുണ്ട്. കേരളത്തിൽ ഏതാനും പേർക്ക് മാത്രമേ ഇത്തരത്തിൽ നഷ്ടപരിഹാരം ലഭിച്ചിട്ടുള്ളൂ. നിയമം അറിയുന്ന ഉപഭോക്താവ് ആണെങ്കിൽ കെഎസ്ഇബി ഓഫീസിൽ നൽകുന്ന പരാതിയിൽ 120 ദിവസത്തിനുള്ളിൽ പരിഹരിക്കപ്പെട്ടിട്ടില്ലെങ്കിൽ നഷ്ടപരിഹാരത്തിനു വേണ്ടി തർക്കപരിഹാര ഫോറങ്ങളിൽ അപേക്ഷ നൽകും എന്നൊരു വാക്ക് കൂട്ടിച്ചേർത്താൽ കെഎസ്ഇബി ഉദ്യോഗസ്ഥർ പണിയെടുത്തു കൊള്ളും. ആവശ്യത്തിന് മെറ്റീരിയലുകൾ ഇല്ല, ഫണ്ട് വകയിരുത്തിയിട്ടില്ല എന്നൊന്നും ഒരു ഉദ്യോഗസ്ഥനും പറയുകയില്ല.

ആവശ്യത്തിന് ഫണ്ട് വകയിരുത്തിയിട്ടില്ല, ട്രാൻസ്ഫോർമറുകൾ അടക്കമുള്ള മെറ്റീരിയലുകൾക്ക് ക്ഷാമം ഉണ്ട് തുടങ്ങിയ മുടന്തൻ ന്യായങ്ങൾ പറഞ്ഞാണ് കെഎസ്ഇബി ഉദ്യോഗസ്ഥർ വോൾട്ടേജ് പ്രശ്നം പരിഹരിക്കുന്നതിൽ അമാന്തം കാണിക്കുന്നത്. ഫണ്ട് വകയിരുത്തേണ്ടതും, സാധനസാമഗ്രികൾ വാങ്ങി നൽകേണ്ടതും കെഎസ്ഇബിയിലെ ഉന്നത ഉദ്യോഗസ്ഥരാണ്. അവർ ജോലി ചെയ്യാത്തത് കാരണം അനുഭവിക്കുന്നത് സാധാരണ ഉപഭോക്താക്കളും സെക്ഷൻ ഒഫീസിലുള്ള ഉദ്യോഗസ്ഥരുമാണ്.

വോൾട്ടേജ് പ്രശ്നത്തിന് മാത്രമല്ല എല്ലാ പരാതികൾക്കും കൃത്യമായ സമയപരിധി ഉണ്ട്. മീറ്റർ കേടായാൽ ഏഴ് ദിവസത്തിനുള്ളിൽ പുതിയ മീറ്റർ സ്ഥാപിക്കണം. അല്ലാത്തപക്ഷം ദിവസത്തിന് 50 രൂപ നഷ്ടപരിഹാരം ഉപഭോക്താവിന് നൽകണം. മീറ്ററുകളുടെ ക്ഷാമം കാരണം ലക്ഷക്കണക്കിന് കേടായ മീറ്ററുകൾ കെഎസ്ഇബി മാറ്റാതെ ഇരിക്കുന്നുണ്ട്. ഇത് കാരണം കെഎസ്ഇബിക്കും ഉപഭോക്താക്കൾക്കും ഒരുപോലെ നഷ്ടമുണ്ടാകുന്നുണ്ട്. മീറ്ററുകൾ സമയാസമയം പർച്ചേസ് ചെയ്യേണ്ട ഉന്നത ഉദ്യോഗസ്ഥരുടെ വീഴ്ചയാണ് ഇതിന് കാരണം. ഏതെങ്കിലും ഉപഭോക്താവ് ഇതുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരം തേടി ബന്ധപ്പെട്ട ഫോറങ്ങളെ സമീപിച്ചതായി അറിവില്ല. സമീപിച്ചു കഴിഞ്ഞാൽ ഒരു ഉന്നത ഉദ്യോഗസ്ഥനും മീറ്ററുകൾ വാങ്ങി നൽകുന്നതിൽ വീഴ്ച വരുത്തുകയില്ല.

അതുപോലെ പുതിയ കണക്ഷൻ ലഭിക്കുന്നതിനും നിലവിലുള്ള കണക്ഷനിലുള്ള മറ്റെല്ലാ സേവനങ്ങളും ഉപഭോക്താവിന് ലഭ്യമാക്കുന്നതിന് സമയപരിധിയും നഷ്ടപരിഹാരതുകയും ഈ നിയമം നിഷ്കർഷിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരം തേടി ബന്ധപ്പെട്ട ഫോറങ്ങളെ സമീപിക്കുകയും നഷ്ടപരിഹാരം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

വൈദ്യുതി നിയമവും അതിന്റെ കീഴിലുള്ള ചട്ടങ്ങളും രാജ്യത്ത് വളരെ ശക്തമാണ്. നിയമമാകുന്ന വടി ഉപയോഗിച്ച് ഉദ്യോഗസ്ഥരെ നേരെയാക്കാൻ സാധാരണ പൗരന്മാർക്ക് പറ്റും. പക്ഷേ ആ വടിയെക്കുറിച്ച് അറിവില്ലാത്ത പൗരന്മാർ നിരന്തരം ഉദ്യോഗസ്ഥരോട് അപേക്ഷിച്ചുകൊണ്ടിരിക്കുന്നു. നമ്മൾ അപേക്ഷിക്കേണ്ടവരല്ല, എന്നും ആജ്ഞാപിക്കേണ്ടവരാണ് എന്ന് മനസ്സിലാക്കുക.

ജനാധിപത്യം ശക്തിപ്പെടട്ടെ | ജയ് ഹിന്ദ് | ഇന്ത്യയിലെ ജനങ്ങളായ നമ്മൾ വിജയിക്കട്ടെ